# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3423 — 22.08.2017 ൽ മറുപടിയ്ക്ക്

## മേനംകുളത്ത് അശ്വതി ഗാർഡൻസിൽ വില്ല വാങ്ങിയ സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കഴക്കൂട്ടം മേനംകുളത്ത് അശ്വതി ഗാർഡൻസിൽ വില്ല വാങ്ങിയ സി.പി.എം. കിളിമാനൂർ ഏരിയ കമ്മിറ്റി അംഗം കെ. വിജയൻ മുഴുവൻ തുകയും നൽകാതെ വീടു സ്വന്തമാക്കി വഞ്ചിച്ചതായി അശ്വതി ഗാർഡൻസ് എം.ഡി. ശ്രീ.അലക്സാണ്ടർ വടക്കേടത്ത് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ പരാതിയിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | ലഭിച്ചിട്ടുണ്ട്. പരാതിക്കാരനായ ശ്രീ.അലക്സാണ്ടർ വടക്കേടം എന്നയാളിന്റെ വക അശ്വതി ഗാർഡൻസിലെ യു-100-ാം നമ്പർ വീട് ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ വില സമ്മതിച്ച് വാങ്ങാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 38 ലക്ഷം രൂപ എതിർകക്ഷി മുൻകൂറായി പരാതി കക്ഷിയ്ക്ക് നല്കുകയും ബാക്കി തുക 36 തവണകളായി നൽകാമെന്ന് പരസ്പരം സമ്മതിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതും എന്നാൽ കരാർ പ്രകാരമുള്ള പണം യഥാസമയം നൽകാതെ വിശ്വാസ വഞ്ചന നടത്തി എന്നുള്ളതുമാണ്. |
| (ബി) | പരാതി വിഷയത്തിൽ ഇടപെട്ട് മനുഷ്യാവകാശ കമ്മീഷൻ പോലീസിനെ വിമർശിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പരാതി വിഷയത്തിൽ ഇടപെട്ട് മനുഷ്യാവകാശ കമ്മീഷൻ പോലീസിനെ വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മനുഷ്യാവകാശ കമ്മീഷൻ എന്തെല്ലാം കാര്യങ്ങളാണ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടത്; വിവരിക്കാമോ; | (സി) യും (ഡി) യും (ഇ) യും | മനുഷ്യാവകാശ കമ്മീഷന് നൽകിയ പരാതിയിന്മേൽ കമ്മീഷനിൽ നിന്നും സർക്കാരിന് നിർദ്ദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. പോലീസ് വകുപ്പിന് ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൈബർ സിറ്റി പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കും തിരുവനന്തപുരം സിറ്റി ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസിസ്റ്റന്റ് കമ്മീഷണർക്കും സംസ്ഥാന പോലീസ് |
| (ഡി) | ശ്രീ.അലക്സാണ്ടർ വടക്കേടത്തിന്റെ പരാതിയിലും മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുകളിലും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചത്; വിശദമാക്കുമോ; | | |

| | | |
|---|---|---|
| (ഇ) | ശ്രീ. അലക്സാണ്ടർ വടക്കേടത്തിന്റെ പരാതിയിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ? | മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഉചിത നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.